# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 23.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) രാജ്യത്തിൻറെ ഐക്യവും അഖണ്ഡതയും നിലനിർത്തുന്നതിൽ ഇൻറലിജൻസ് ബ്യൂറോ നിർണ്ണായക പങ്കു വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.

   The President expressed her deep appreciation for the exceptional contribution made by the Intelligence Bureau for the internal security of the country.

2) തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടിക സംസ്ഥാനത്ത് ഇന്ന് പ്രസിദ്ധീകരിക്കും.

   The draft electoral roll as part of SIR will be published in Kerala today.

3) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നുമുള്ള പുരോഗമനപരമായ ചുവടുവയ്പ്പാണ് വികസിത് ഭാരത് ജി റാം ജി പദ്ധതിയെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ

   Union Agriculture and Farmers Welfare Minister Shivraj Singh Chouhan has said that the Viksit Bharat: G RAM G scheme is progressive step forward from MGNREGA.

4) ആലപ്പുഴ , കോട്ടയം ജില്ലകളിൽ പക്ഷി പനി സ്ഥിരീകരിച്ചു. അടിയന്തര നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് കേന്ദ്ര നിർദേശം.

   Bird flu confirmed in Alapuzha and Kottayam districts. Centre advised the state government to take emergency measures.

5) ദിത്വാ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്കായി 450 ദശലക്ഷം ഡോളറിൻറെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ഇന്ത്യ.

India will provide a 450 million dollar package to assist in the reconstruction of areas affected by Cyclone Ditwah in Sri Lanka.

6) സർവ്വകാല റെക്കോർഡിൽ സ്വർണ്ണവില. പവന് വില ഒരു ലക്ഷം കടന്നു.

Gold price hits all-time high. Price of one sovereign crosses on lakh rupees.

*************

## PRESIDFENT-IB(INTRO)

രാജ്യത്തിൻറെ ഐക്യവും അഖണ്ഡതയും നിലനിർത്തുന്നതിലും, ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിലും ഇൻറലിജൻസ് ബ്യൂറോ നിർണ്ണായക പങ്കു വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. കഴിഞ്ഞ ദശകത്തിൽ രാജ്യം നേരിട്ട നിരവധി ഭീഷണികൾ നിർവീര്യമാക്കാൻ ഐ.ബി യ്ക്ക് സാധിച്ചതായും രാഷ്ട്രപതി പറഞ്ഞു. ന്യൂഡൽഹിയിൽ 38-ാമത് ഇൻറലിജെൻസ് ബ്യൂറോ ശതാബ്ദി പ്രഭാഷണം നടത്തുകയായിരുന്നു രാഷ്ട്രപതി.

(വോയ്സ്)

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

*************

## FTA Piyush Goel (INTRO)

സ്വതന്ത്രവ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യയും ന്യൂസിലാൻഡും വിജയകരമായി പൂർത്തിയാക്കി.

ന്യൂസിലാൻഡിലേക്കുള്ള ഇന്ത്യൻ ചരക്ക് കയറ്റുമതിയുടെ തീരുവ പൂർണമായും ഒഴിവാക്കാൻ മാർഗ്ഗമൊരുക്കുന്നതാണ് സ്വതന്ത്രവ്യാപാര കരാർ. ഇരു രാജ്യങ്ങൾക്കുമിടയിലെ നിക്ഷേപ പങ്കാളിത്തവും ഇതിലൂടെ

കൂടുതൽ ശക്തിപ്പെടും. കരാർ പ്രകാരം, അടുത്ത 15 വർഷത്തിനിടെ ന്യൂസിലാൻഡ് 20 ബില്യൺ ഡോളറിൻറെ നിക്ഷേപം ഇന്ത്യയിൽ നടത്തും. രാജ്യത്തെ കർഷകർക്കും, സംരംഭകർക്കും, വിദ്യാർത്ഥികൾക്കും, വനിതകൾക്കും മുന്നിൽ സ്വതന്ത്രവ്യാപാര കരാർ പുത്തൻ അവസരങ്ങൾ തുറന്നു നൽകുമെന്ന് കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പീയുഷ് ഗോയൽ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്)

ആഗോള തലത്തിലെ സുപ്രധാന നിർമാണ കേന്ദ്രമായി ഇന്ത്യ മാറുകയാണെന്നും ശ്രീ. പീയുഷ് ഗോയൽ വ്യക്തമാക്കി.

*************

## VOTERS LIST

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടിക സംസ്ഥാനത്ത് ഇന്ന് പ്രസിദ്ധീകരിക്കും. പട്ടികയിന്മേലുള്ള പരാതികൾ അടുത്തമാസം 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകാനാകാത്തവർക്ക് ജനുവരി 22 വരെ ഫോറം ആറിൽ അപേക്ഷ നൽകാം. സഹായത്തിനായ് 1950 എന്ന നമ്പറും തെരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റും ഉപയോഗപ്പെടുത്താവുന്നതാണ്. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21-ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ എല്ലാ സമ്മതിദായകരും ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. കേരളത്തിന് പുറമെ ഛത്തിസ്ഗഢ്, മധ്യപ്രദേശ്, ആൻഡമാൻ നിക്കോബർ എന്നിവിടങ്ങളിലും കരട് പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും.

*************

## CHOUHAN – G RAM G

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സമഗ്ര ഗ്രാമവികസനത്തിനുമുള്ള വികസിത് ഭാരത്: ജി റാം ജി

പദ്ധതിയ്ക്കായി ഒരു ലക്ഷത്തി അമ്പത്തിയൊന്നായിരം കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. 100 ദിവസത്തിന് പകരം തൊഴിലാളികൾക്ക് 125 ദിവസത്തെ തൊഴിൽ പദ്ധതിയിലൂടെ നിയമപരമായി ഉറപ്പുനൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജലസംരക്ഷണം, ഗ്രാമീണ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ, ഉപജീവന പ്രവർത്തനങ്ങൾ, ദുരന്ത നിവാരണ നടപടികൾ എന്നീ മേഖലകൾക്കാണ് പദ്ധതിയിൽ പ്രധാന്യം നൽകുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും മുന്നോട്ടുള്ള പുരോഗമനപരമായ ചുവടുവയ്പ്പാണ് വികസിത് ഭാരത്: ജി റാം ജി പദ്ധതിയെന്നും അദ്ദേഹം പറഞ്ഞു.

*************

## JAISHANKAR-COLOMBO

ശ്രീലങ്കയിൽ ദിത്വാ ചുഴലിക്കാറ്റ് നാശം വിതച്ച പ്രദേശങ്ങളുടെ പുനർനിർമ്മാണത്തിന് 450 ദശലക്ഷം ഡോളറിൻറെ പാക്കേജ് പ്രഖ്യാപിച്ച് ഇന്ത്യ. ശ്രീലങ്ക സന്ദർശനം തുടരുന്ന വിദേശകാര്യ മന്ത്രി എസ്. ജയശങ്കറാണ് കൊളംബോയിൽ ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ചുഴലിക്കാറ്റിൽ തകർന്ന വീടുകളുടെയും, റോഡ്, റെയിൽവേ, പാലങ്ങൾ എന്നിവയുടെയും പുനർനിർമാണത്തിനായാണ് ഇന്ത്യ സാമ്പത്തിക സഹായം നൽകുന്നത്. ഓപ്പറേഷൻ സാഗർ ബന്ധുവിലൂടെ ശ്രീലങ്കയിലെ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഇന്ത്യ മുൻനിരയിൽ പ്രവർത്തിച്ചിരുന്നു.

*************

## ISRO SATELLITE LAUNCH

അമേരിക്കയുടെ എഎസ്ടി സ്പേസ് മൊബൈൽ ബ്ലൂബേർഡ് ബ്ലോക്ക്-2 ഉപഗ്രഹം വിക്ഷേപിക്കാനൊരുങ്ങി ഐഎസ്ആർഒ. ശ്രീഹരിക്കോട്ടയിലെ സ തീഷ് ധവാൻ സ്പേസ് സെൻ്ററിൽ ഇന്ത്യൻ സമയം നാളെ രാവിലെ 08:54 നാണ് വിക്ഷേപണം. ഐഎസ്ആർഒയുടെ LVM3-എം6

റോക്കറ്റ് ആണ് ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിക്കുക. ലോ എർത്ത് ഭ്രമണപഥത്തിലെ ഏറ്റവും വലിയ വാണിജ്യ ആശയവിനിമയ ഉപഗ്രഹവും ഇന്ത്യയിൽ നിന്ന് LVM-3 യിലൂടെ വിക്ഷേപിച്ച ഏറ്റവും ഭാരമേറിയ പേലോഡുമായിരിക്കും BlueBird Block-2. ആഗോളതലത്തിൽ ഉപഗ്രഹത്തിലൂടെ നേരിട്ടുള്ള 4G/5G കണക്റ്റിവിറ്റി ലഭ്യമാക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

*************

## Bird flu

ആലപ്പുഴ , കോട്ടയം ജില്ലകളിൽ പക്ഷി പനി സ്ഥിരീകരിച്ചു. അടിയന്തര നടപടികൾ സ്വീകരിക്കാൻ കേന്ദ്ര മൃഗ സംരക്ഷണ മന്ത്രാലയം സംസ്ഥാന സർക്കാരിന് നിർദേശം നൽകി. ആലപ്പുഴയിലെ നെടുമുടി, കരുവാറ്റ, കാർത്തികപ്പള്ളി, തകഴി, പുറക്കാട് എന്നിവടങ്ങളിലും കോട്ടയത്തെ കുറുപ്പന്തറ, മാഞ്ഞൂർ കല്ലുപുരയ്ക്കൽ, വെള്ളൂർ എന്നിവിടങ്ങളിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

*************

## SABARIMALA

മണ്ഡലപൂജയ്ക്ക് സമാപനം കുറിച്ച് ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചു കൊണ്ടുള്ള ഘോഷയാത്ര ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഘോഷയാത്ര 26 ന് വൈകുന്നേരം ശബരിമല സന്നിധാനത്ത് എത്തും. അയ്യപ്പ വിഗ്രഹത്തിൽ തങ്കയങ്കി ചാർത്തിയുള്ള ദീപാരാധന തുടർന്ന് നടക്കും. 27-നാണ് മണ്ഡല പൂജ.

*************

## VP - AI EVOLUTION

സമഗ്ര വളർച്ചയ്ക്കും ദേശീയ പരിവർത്തനത്തിനുമായി നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി നയങ്ങളും ദൗത്യങ്ങളും രൂപപ്പെടുത്തുന്നതിൽ ആഗോളതലത്തിൽ മുൻകൈയെടുക്കുന്ന

രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ . ന്യൂഡൽഹിയിൽ എ.ഐ. മഹാകുംഭ് ദേശീയ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . സ്കൂളുകളിലും കോളേജുകളിലും എ.ഐ. പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമായിരിക്കണമെന്നും, എ.ഐ.യെ നേരത്തെ പരിചയപ്പെടുന്നത് വിദ്യാർത്ഥികളെ വിമർശനാത്മക ചിന്തയ്ക്കും പ്രശ്നപരിഹാര കഴിവുകൾക്കും പ്രാപ്തരാക്കുമെന്നും ശ്രീ സി.പി രാധാകൃഷ്ണൻ പറഞ്ഞു.

*************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

*************

## GOLD PRICE (INTRO)

സംസ്ഥാനത്ത് സ്വർണ വില ഇതാദ്യമായി പവന് ഒരു ലക്ഷം രൂപയ്ക്ക് മുകളിലെത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

*************

## IMD-WEATHER

ഉത്തരേന്ത്യയിൽ അതിശൈത്യം തുടരുന്നു. ബീഹാർ, പഞ്ചാബ് ,ഹരിയാന, ഡൽഹി, ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, ലഡാക്ക്, ഒഡീഷ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് മേഖലകളിലും, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും മൂടൽമഞ്ഞിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഡൽഹിയിൽ വായു ഗുണനിലവാരം അതീവ മോശമായ നിലയിലാണ്.

*************

## CRICKET WOMEN

ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വിശാഖപട്ടണത്ത് നടക്കും. വൈകുന്നേരം ഏഴിനാണ് കളി ആരംഭിക്കുക. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു. അവസാന മൂന്ന് മത്സരങ്ങൾ തിരുവനന്തപുരത്താണ് നടക്കുന്നത്.

*************

## DONALD TRUMP

ഗ്രീൻലൻഡിനെ യുഎസിൻറെ ഭാഗമാക്കുന്നത്, അമേരിക്കയുടെ ദേശീയ സുരക്ഷയ്ക്ക് അനിവാര്യമാണെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇതിനായി ലൂസിയാന ഗവർണർ ജെഫ് ലാൻഡ്രിയെ പ്രത്യേക പ്രതിനിധിയായി ട്രംപ് നിയമിച്ചു. മേഖലയിലെ റഷ്യൻ, ചൈനീസ് കപ്പലുകളുടെ സാന്നിധ്യം കണക്കിലെടുത്താണ് നടപടിയെന്നും യുഎസ് പ്രസിഡൻറ് വ്യക്തമാക്കി. എന്നാൽ ട്രംപിൻറെ നീക്കത്തെ എതിർത്ത് ഡെൻമാർക്കും ഗ്രീൻലൻഡും രംഗത്ത് വന്നിട്ടുണ്ട്.

*************

## Antonio Guterres

ബംഗ്ലാദേശിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അക്രമ സംഭവങ്ങളിൽ ആശങ്ക രേഖപ്പെടുത്തി യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ്. എല്ലാ വിഭാഗം പൗരന്മാരുടെയും സുരക്ഷ ബംഗ്ലാദേശ് ഭരണകൂടം ഉറപ്പുവരുത്തുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. അക്രമങ്ങളുടെ പശ്ചാത്തലത്തിൽ, ന്യൂഡൽഹിയിലെ ബംഗ്ലാദേശ് ഹൈകമ്മീഷൻ വിസ സേവനങ്ങൾ അടക്കം താത്കാലികമായി നിർത്തിവച്ചു.

*************

**********

***